പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1846 05.02.2019-ലെ മറുപടിക്ക്

## കോലഞ്ചേരി പുത്തൻകുരിശ് മേഖലയിലെ യാത്രാക്ലേശം

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ-എറണാകുളം, കറുകപ്പിള്ളി -പെരുമ്പാവൂർ റൂട്ടിലോടുന്ന കെ. എസ്.ആർ.ടി.സി. ബസുകളുടെ കുറവു മൂലം കോലഞ്ചേരി പുത്തൻകുരിശ് മേഖലയിലുള്ള ജനങ്ങൾക്ക് രൂക്ഷ മായ യാത്രാ ക്ലേശം അനുഭവപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റൂട്ടിൽ കഴിഞ്ഞ രണ്ടു മാസത്തിനിടെ എത്ര സർവ്വീസ് വെട്ടിച്ചുരുക്കിയിട്ടുണ്ട് എന്ന് റൂട്ടിന്റെ വിശദാംശം സഹിതം വ്യക്തമാക്കാ മോ; | (ബി) | മൂവാറ്റുപുഴ-എറണാകുളം റൂട്ടിൽ നിലവിൽ ഓപ്പറേറ്റ് ചെയ്തുകൊണ്ടിരുന്ന സർവ്വീസുകൾ ബഹു: ഹൈക്കോടതി ഉത്തരവിനെ ത്തുടർന്ന് താൽക്കാലിക കണ്ടക്ടർമാരെ പുറത്ത് നിറുത്തിയതിന് ശേഷം ശരാശരി എട്ടോളം സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വന്നിരുന്നുവെങ്കിലും പി.എസ്.സി മുഖേന റിസർവ് കണ്ടക്ടർമാർ വന്നതിനുശേഷം പ്രസ്തുത റൂട്ടിൽ നിലവിൽ എല്ലാ സർവ്വീസുകളും കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പെരുമ്പാവൂർ ഡിപ്പോയിൽ നിന്നും ചോറ്റാനിക്കര, കാഞ്ഞിരമറ്റം രണ്ട് സർവ്വീസ് ഉണ്ടായിരുന്നതിൽ കണ്ടക്ടർ മാരുടെ കുറവ് മൂലം ഒരു സർവ്വീസ് മുടങ്ങിയി രുന്നു. ഇപ്പോൾ മുടക്കം കൂടാതെ രണ്ട് സർവ്വീസുകൾ അയയ്ക്കുന്നുണ്ട്. |
| (സി) | യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) | കൂടുതൽ ബസ്സുകളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് പൊതുജനങ്ങൾക്കും കോർപ്പറേഷനും ഗുണകരമാകുന്ന വിധത്തിൽ മാത്രമേ പ്രസ്തുത റൂട്ടിൽ കൂടുതൽ സർവ്വീസു കൾ നടത്തുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**